

# കൊടുങ്ങല്ലൂർ സെന്റ് മേരീസ് ഇടവക

ക്രിസ്തുശിഷ്യനായ മാർതോമാശ്ലീഹായുടെ പാദസ്പർശംകൊണ്ട് ധന്യമാകാനും ക്രൈസ്തവ വിശ്വാസം ഭാരതത്തിൽ ആദ്യം ഏറ്റുവാങ്ങാനും ഭാഗ്യം കൈവന്ന ശ്ലൈഹികപൈതൃകവും ക്രിസ്തീയ പാരമ്പര്യവുമാണ് കൊടുങ്ങല്ലൂരിനുള്ളത്.

മാർതോമാശ്ലീഹാ സ്ഥാപിച്ച ഏഴര പള്ളികളിൽ (സഭാസമൂഹങ്ങൾ) ആദ്യത്തെ പള്ളിയും പ്രഥമ സ്ഥാനീയ ദേവാലയവും കൊടുങ്ങല്ലൂരായിരുന്നു. കേരള ക്രൈസ്തവസമൂഹം കൊടുങ്ങല്ലൂർ കേന്ദ്രമാക്കിയാണ് വളർന്ന് വികസിച്ചത്.

പിന്നീട്, ചരിത്രത്തിന്റെ ഗതിവിഗതികളിൽ കൊടുങ്ങല്ലൂരിന്റെ പ്രാധാന്യം നഷ്ടപ്പെട്ടു. പലവിധത്തിലുള്ള മതമർദ്ദനങ്ങൾ ക്രിസ്തീയ സമൂഹത്തെ ക്ഷയോന്മുഖമാക്കി. 1341-ലെ ജലപ്രളയം കൊടുങ്ങല്ലൂരിനെ നശിപ്പിച്ചു. തൃശ്ശൂർ രൂപത വിഭജിച്ച് ഇരിങ്ങാലക്കുട ആസ്ഥാനമായി ഉദയം ചെയ്യുന്ന രൂപതയ്ക്ക് ആദ്യകാലങ്ങളിൽ പരിഗണിച്ചിരുന്ന പേര് കൊടുങ്ങല്ലൂർ എന്നായിരുന്നു.

## കൊടുങ്ങല്ലൂർ ഇടവക

1978-ൽ ഇരിങ്ങാലക്കുട രൂപത ഉദയംകൊണ്ട നാൾ മുതൽതന്നെ ക്രിസ്തുവിന്റെ പ്രിയശിഷ്യനായ മാർതോമാശ്ലീഹായുടെ പാദസ്പർശനത്താൽ പരിപാവനമായതും ഇരിങ്ങാലക്കുട രൂപതയുടെ തെക്കേ അതിർത്തിയിൽപ്പെട്ടതുമായ കൊടുങ്ങല്ലൂരിൽ ഒരു ഇടവക ദേവാലയമുണ്ടാകണമെന്നത് രൂപതാദ്ധ്യക്ഷനായ മാർ ജെയിംസ് പഴയാറ്റിലിന്റെയും സഹപ്രവർത്തകരുടെയും കൊടുങ്ങല്ലൂരിൽ അങ്ങിങ്ങായി ചിതറിക്കിടക്കുന്ന സുറിയാനി ക്രിസ്ത്യാനികളുടെയും വലിയൊരു ആഗ്രഹമായിരുന്നു. ഇതിന്റെ ഭാഗമായി ഇരിങ്ങാലക്കുട രൂപതയുടെ ആഭിമുഖ്യത്തിൽ കൊടുങ്ങല്ലൂരിൽ പുതിയതായി പണിയുവാൻ ഉദ്ദേശിച്ചിരുന്ന ദേവാലയത്തിന്റെ അടിസ്ഥാനശിലയുടെ ആശീർവാദകർമ്മം ജോൺപോൾ രണ്ടാമൻ മാർപാപ്പയുടെ പ്രതിനിധിയായി കേരളം സന്ദർശിച്ച പൗരസ്ത്യ തിരുസംഘത്തിന്റെ അദ്ധ്യക്ഷൻ അത്യുന്നത കർദ്ദിനാൾ വ്‌ളഡിസ്ലാവ് റൂബിൻ തിരുമേനി 1981 ജനുവരി 5-ന് നിർവ്വഹിച്ചു. ശിലാസ്ഥാപനകർമ്മം 22.02.1981-ൽ

ബിഷപ്പ് മാർ ജെയിംസ് പഴയാറ്റിൽ നടത്തി. ദേവാലയ നിർമ്മാണത്തിന് അഴിക്കോട് മാർതോമാതീർത്ഥ കേന്ദ്ര റെക്ടർ റവ. ഫാ. ജോസഫ് മുട്ടിയ്ക്കൽ സി.എം.ഐ. നേതൃത്വം നൽകി. തുടർന്ന് വന്ന ഫാ. ഒലിവർ ഇഞ്ചോടിക്കാരൻ സി.എം.ഐ. പ്രസിഡന്റായി ദേവാലയനിർമ്മാണ കമ്മറ്റി രൂപീകരിക്കുകയും അതിൽ കമ്മറ്റി അംഗങ്ങളായി ശ്രീ. ഹോർമിസ് കൊളാട്ടുകുടി, ശ്രീ. ജോസഫ് ഊക്കൻ എന്നിവർ കഠിനപ്രയത്നം നടത്തുകയുമുണ്ടായി.

## പള്ളി, ഇടവക

വി. തോമാശ്ലീഹാ സ്ഥാപിച്ച ദേവാലയങ്ങളെല്ലാം പരിശുദ്ധ മറിയത്തിന്റെ നാമത്തിൽ ഉള്ളതാണ് എന്ന കാരണത്താൽ തന്നെ വി. തോമാശ്ലീഹായുടെ പാദസ്പർശനമേറ്റ കൊടുങ്ങല്ലൂരിലെ ഈ ദേവാലയത്തിന് സെന്റ് മേരീസ് എന്ന നാമം നല്കപ്പെട്ടു. ഈ ദേവാലയത്തിന്റെ പ്രതിഷ്ഠാകർമ്മം 1984 മെയ് 31-ാം തിയ്യതി ഇരിങ്ങാലക്കുട രൂപതാമെത്രാൻ മാർ ജെയിംസ് പഴയാറ്റിൽ നിർവ്വഹിച്ചു. 1985 മെയ് 31-ന് അഭിവന്ദ്യ പിതാവ് ഈ പള്ളിയെ ഇടവകയായി ഉയർത്തുകയും ചെയ്തു. പള്ളിയുടെ ആദ്യവികാരിയായി റവ. ഫാ. അബ്ദിയാസ് സി.എം.ഐ. ചാർജ്ജെടുത്തു. പള്ളിയോടുചേർന്ന് സിമിത്തേരി നിർമ്മിച്ചിരുന്നു.

കൊടുങ്ങല്ലൂർ ഇടവകയുടെ സുഗമമായ അജപാലന നിർവ്വഹണത്തിന് വേണ്ടി 09.01.1991-ൽ രൂപത വൈദികനായ റവ. ഫാ. സെബാസ്റ്റ്യൻ കരിപ്പായിയെ ചുമതലയേല്പിച്ചു.

## വൈദികമന്ദിരം, പാരിഷ്ഹാൾ

8.6.1991-ൽ ഇരിങ്ങാലക്കുട രൂപത പ്രൊക്കുറേറ്റർ ആയിരുന്ന ബഹു. ഫാ. പോൾ ഇളങ്കുന്നപ്പുഴ ഇവിടെ വികാരിയായി. പള്ളിയോടുചേർന്ന് വൈദികമന്ദിരവും, പാരിഷ്ഹാളും പണിയുവാനും അദ്ദേഹത്തിന്റെ പ്രയത്നത്താൽ സാധിച്ചു.

1994-ൽ വികാരിയായി അന്നത്തെ രൂപതാ വൈസ് ചാൻസലറായ റവ. ഡോ. വർഗ്ഗീസ് പാലത്തിങ്കൽ



വൈദിക മന്ദിരവും പാരിഷ് ഹാളും

ചുമതലയേറ്റു. തുടർന്ന് പാരിഷ് ഹാളിന്റെ പണി പൂർത്തിയാക്കി. 8.5.1994-ൽ അഭിവന്ദ്യപിതാവ് പാരിഷ് ഹാളിന്റെ വെഞ്ചിരിപ്പുകർമ്മം നിർവ്വഹിച്ചു.

## സ്ഥിരതാമസമുള്ള വികാരി

ആദ്യത്തെ സ്ഥിരതാമസമുള്ള വികാരിയായ ബഹു. ടൈറ്റസ് കാട്ടുപറമ്പിൽ അച്ചന്റെ നേതൃത്വത്തിൽ ദേവാലയത്തിന്റെ മുഖവാരവും അൾത്താരയും വൈദിക മന്ദിരവും മറ്റും മനോഹരമാക്കി. വെഞ്ചിരിപ്പ് കർമ്മം ഇരിങ്ങാലക്കുട രൂപതാമെത്രാൻ മാർ ജെയിംസ് പഴയാറ്റിൽ 29.04.2004-ൽ നിർവ്വഹിച്ചു.

അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ റോമിൽനിന്ന് കൊണ്ടുവന്ന 12 ശ്ലീഹന്മാരുടെ തിരുശേഷിപ്പുകൾ ഈ പള്ളിയിൽ ഭക്തജനങ്ങൾക്ക് വണങ്ങുന്നതിനായി സൗകര്യപ്പെടുത്തി പ്രതിഷ്ഠിച്ചിട്ടുണ്ട്. പള്ളിയങ്കണത്തിൽ വി. തോമാശ്ലീഹ കൊടുങ്ങല്ലൂരിൽ കപ്പലിറങ്ങിയ "കെദ്രാമ"യും നിർമ്മിച്ചിട്ടുണ്ട്. ഇവിടെ മ്യൂസിയത്തിനുവേണ്ടി എഫ്.സി.സി. സിസ്റ്റേഴ്സ് സ്ഥലം നൽകി.



കെദ്രാമ

2008-09 വർഷത്തിൽ ഈ ദേവാലയം സിൽവർ ജൂബിലി ആഘോഷിച്ചു. അതിന്റെ ഉദ്ഘാടനകർമ്മം 2008 ജൂൺ 15-ാം തിയ്യതി മാർ ജെയിംസ് പഴയാറ്റിൽ വിപുലമായ ആഘോഷങ്ങളോടുകൂടി നിർവ്വഹിച്ചു.

## മാർതോമാതീർത്ഥാടനകേന്ദ്രം

മാർ തോമാശ്ലീഹായുടെ ഭാരതപ്രവേശനത്തിന്റെ 1900-ാം ആണ്ട് ആഘോഷത്തോടനുബന്ധിച്ച് കൊടുങ്ങല്ലൂരിലെ അഴീക്കോട് എന്ന സ്ഥലത്ത് 1953-ൽ CMI സഭയുടെ നേതൃത്വത്തിൽ തോമാശ്ലീഹായുടെ നാമധേയത്തിൽ ഒരു പൊന്തിഫിക്കൽ തീർത്ഥാടന കേന്ദ്രം (Shrine) സ്ഥാപിക്കുകയുണ്ടായി. ഇറ്റലിയിലെ ഓർത്തോണാ നഗരത്തിൽ പൂജ്യമായി സൂക്ഷിച്ചിരിക്കുന്ന വി. തോമാശ്ലീഹായുടെ ഭൗതികാവശിഷ്ടത്തിന്റെ ഒരു ഭാഗം - അദ്ദേഹത്തിന്റെ വലതു കരത്തിന്റെ അസ്ഥി - വത്തിക്കാന്റെ പ്രത്യേകാനുമതിയോടെ



മാർതോമാ തീർത്ഥകേന്ദ്രം, അഴീക്കോട്

1953 ഡിസംബർ 6-ാം തിയ്യതി പൗരസ്ത്യതിരുസ്സംഘത്തിന്റെ അന്നത്തെ അദ്ധ്യക്ഷനായിരുന്ന കാർഡിനൽ യൂജിൻ ടിസറാങ്ങ് തിരുമേനി ഇന്ത്യയിൽ കൊണ്ടുവന്ന് മാർതോമാകേന്ദ്രത്തിൽ വണക്കത്തിനായി സ്ഥാപിച്ചു. ഇതിന്റെ മേൽനോട്ടം സി.എം.ഐ. സഭയെയാണ് ഏല്പിച്ചിരിക്കുന്നത്. ഇതിനോടനുബന്ധിച്ച് മാർതോമാഭവനവും (സി.എം.ഐ.) അവരുടെ ആസ്പത്രിയും സ്ഥിതിചെയ്യുന്നു.



മാർത്തോമാ ഹോസ്പിറ്റൽ -CMI

## കോൺവെന്റുകൾ

ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് സഭയുടെ ഇവിടത്തെ ആദ്യത്തെ ഭവനമായ മാർതോമാകോൺവെന്റ് എന്ന പേരിൽ 1974-ൽ മാർതോമാതീർത്ഥകേന്ദ്രത്തിന് സമീപം സ്ഥാപിതമായി. 1977-ൽ അഴീക്കോട് 'സാന്തോം' 1980-ൽ ശൃംഗപുരത്ത് 'ക്രിസ്തുരാജ്' എന്നീ പേരുകളിൽ ഓരോ കോൺവെന്റ് ആരംഭിച്ചു. ഇടവകപ്പള്ളി ഉണ്ടാകുന്നതുവരെ 1980 മുതൽ 1984 വരെ ക്രിസ്തുരാജ കോൺവെന്റ് ചാപ്പലിൽ സീറോ മലബാർ സഭാംഗങ്ങൾക്കുവേണ്ടി എല്ലാ ഞായറാഴ്ചകളിലും വി. കുർബാനയർപ്പിച്ചിരുന്നു. പുല്ലൂറ്റ് ചാപ്പാറയിൽ എയ്ഡഡ് എൽ.പി. സ്ക്കൂൾ



മാർതോമ FCC കോൺവെന്റ്, അഴീക്കോട്



ക്രിസ്തുരാജ കോൺവെന്റ് FCC



മാർതോമാ യു.പി. സ്ക്കൂൾ, അഴീക്കോട് ജെട്ടി



സെന്റ് മേരീസ് കോൺവെന്റ് FCC, പുല്ലൂറ്റ്



ലേബർ L.P. സ്ക്കൂൾ, ചാപ്പാറ

വാങ്ങിയശേഷം അവിടെ പഠിപ്പിക്കുന്ന ബഹു. സിസ്റ്റേഴ്സിന്റെ സൗകര്യാർത്ഥം 1992-ൽ അവിടെ സെന്റ് മേരീസ് എന്ന പേരിൽ ഒരു കോൺവെന്റും സ്ഥാപിച്ചു. കർമ്മലീത്ത (CMC) ഉദയാപ്രോവിൻസിന്റെ ആവിലാ കോൺവെന്റ് കൊടുങ്ങല്ലൂരിൽ സ്ഥാപിതമായത് 1983-ലാണ്.

## ഇതര സ്ഥാപനങ്ങൾ

എഫ്.സി.സി. അൽവേർണിയ പ്രോവിൻസ് ഇടവകപ്പള്ളിയ്ക്ക് സമീപം 1980-ൽ സെന്റ് തോമാസ് കോളേജ് എന്ന പേരിൽ വനിതകൾക്കു വേണ്ടി ഒരു പാരലൽ കോളേജ് ആരംഭിച്ചു. 2008-ൽ അതിനോട് ചേർന്ന് ഒരു നഴ്സറി സ്ക്കൂളും പ്രവർത്തനം തുടങ്ങി. 1974-ൽ അഴിക്കോട് ജെട്ടിക്ക് സമീപം സ്ഥാപിച്ച മാർതോമാ യു.പി. സ്ക്കൂൾ (ഇംഗ്ലീഷ് മീഡിയം) പുല്ലൂറ്റ് ചാപ്പാറയിൽ 1981-ൽ സ്ഥാപിതമായ എയ്ഡഡ് ലേബർ എൽ.പി. സ്ക്കൂൾ എന്നിവ ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് സന്യാസിനികളുടെ (FCC) നേതൃത്വത്തിൽ നല്ല നിലവാരത്തിൽ പ്രവർത്തിക്കുന്നു. കൂടാതെ, സി.എം.സി. സിസ്റ്റേഴ്സിന്റെ ആവിലാ കോൺവെന്റിനോട് ചേർന്ന് ഒരു വർക്കിങ്ങ് വിമൻസ്



ആവില CMC കോൺവെന്റ്



ആവില LP സ്ക്കൂൾ



സെന്റ് തോമസ് ഭവൻ FCC കോൺവെന്റ് & സ്ക്കൂൾ



സെന്റ് തോമസ് FCC നേഴ്സറി



അഴീക്കോട് വി.തോമാശ്ലീഹായുടെ തിരുശേഷിപ്പിന്റെ പേടകം



നവീകരണത്തിന് മുമ്പുള്ള പഴയ പള്ളി

ഹോസ്റ്റലും പ്രവർത്തിക്കുന്നുണ്ട്. 2009 ജൂലായ് മാസത്തിൽ സെന്റ് തോമസ് കോളേജിനോട് ചേർന്ന് സ്ഥാപിതമായ സെന്റ് തോമസ് ഭവൻ എന്ന FCC കോൺവെന്റ് അഭിവന്ദ്യ പിതാവ് ആശീർവദിച്ചു.